## മാവേലിക്കര മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

187 (4769) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആവശ്യമായ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കെയെന്നും ഓരോ സേവനങ്ങൾക്കുമുള്ള അനുവദനീയ ഫീസ് എത്രയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ 24 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ബി) മാവേലിക്കര മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും മാവേലിക്കര മുനിസിപ്പാലിറ്റിയിലും 3 വീതം അക്ഷയ സെന്ററുകൾ നിലവിലുണ്ട്.

(സി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ശിപാർശ അനുസരിച്ചാണ്. മാവേലിക്കര മണ്ഡലത്തിൽ നിലവിൽ 24 അക്ഷയ കേന്ദ്രങ്ങളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടാൽ നിലവിലുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന പ്രധാനപ്പെട്ട സേവനങ്ങളും അനുവദനീയ ഫീസ് സംബന്ധിച്ച വിവരങ്ങളും അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly